പട്ടാമ്പി മണ്ഡലത്തിലെ ജലസേചന പദ്ധതികൾ കമ്മീഷൻ ചെയ്യാൻ അടിയന്തിര നടപടി

44 [3184] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പട്ടാമ്പി മണ്ഡലത്തിൽപ്പെട്ട ആനക്കല്ല് ജലസേചന പദ്ധതിയും തത്തനംപുള്ളി ജലസേചന പദ്ധതിയും പണി ആരംഭിച്ചിട്ടും ഇന്നേവരെ കമ്മീഷൻ ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഈ രണ്ട് പദ്ധതികളും കമ്മീഷൻ ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത രണ്ട് പദ്ധതികളും എന്നത്തേക്ക് പൂർത്തിയാക്കുവാൻ സാധിക്കുമെന്നാണ് കരുതുന്നത്?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ പട്ടാമ്പി നിയോജകമണ്ഡലത്തിൽപ്പെട്ട ആനക്കല്ല് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പണി കുറച്ചുകൂടി തീരുവാനുണ്ട്. ടി പണി നടത്തുവാനുള്ള അനുമതി നൽകിയിട്ടുണ്ട്. പട്ടാമ്പി മണ്ഡലത്തിലെ തത്തനംപുള്ളി എൻ. ഐ. സ്കീം ഭാഗികമായി കമ്മീഷൻ ചെയ്തതാണ്. കനാലിന്റെ പണി കുറച്ചു കൂടി തീരുവാനുണ്ട്. അത് തീർന്നാലുടനെ ഈ പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യാവുന്നതാണ്.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

(സി) ആനക്കല്ല് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി 6 മാസത്തിനുള്ളിൽ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് കരുതുന്നു. തത്തനംപുള്ളി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി അടുത്ത സാമ്പത്തിക വർഷത്തിനുള്ളിൽ പൂർണ്ണമായും കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതാണ്.

ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ നിർമ്മാണത്തിലെ കാലതാമസം

45 [3185] ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിന് ഈ വർഷത്തെ ബഡ്ജറ്റിൽ എന്തു തുകയാണ് വകയിരുത്തിയിട്ടുള്ളത്;

(ബി) പ്രസ്തുത ഇറിഗേഷൻ പ്രോജക്ടിന്റെ നിർമ്മാണം ആരംഭിച്ചിട്ട് എത്ര വർഷത്തോളമായെന്ന് പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതിയുടെ പണി നാളിതുവരെയായി എത്ര ശതമാനം പൂർത്തിയായി;

(ഡി) പ്രസ്തുത പദ്ധതിക്ക് ആവശ്യമായ വനഭൂമി മുഴുവനായും വിട്ടു കിട്ടിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ആയതിനുവരുന്ന കാലതാമസത്തിനുള്ള കാരണം വെളിപ്പെടുത്തുമോ;

(എഫ്) ഇതിനായുള്ള കാലതാമസം ഒഴിവാക്കി പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിനുവേണ്ടി ഈ വർഷത്തെ ബഡ്ജറ്റിൽ 700 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഈ പ്രോജക്ടിന്റെ നിർമ്മാണം ആരംഭിച്ചിട്ട് 22 വർഷമായി.

(സി) ഈ പദ്ധതിയുടെ മെയിൻ കനാലുകളുടെ 25.5%-വും ലോലെവൽ കനാലുകളുടെ 29.13%-വും പണി പൂർത്തിയായിട്ടുണ്ട്.

(ഡി, ഇ) ഇല്ല. ഈ പദ്ധതിക്കുവേണ്ടി വനഭൂമി വിട്ടുകിട്ടുന്നതിലേക്കായി ജലവിഭവ വകുപ്പ് വനം വകുപ്പിന് നൽകേണ്ടിയിരുന്ന 1,20,81,000 രൂപ കൊടുക്കുന്നതിലുണ്ടായ കാലതാമസംമൂലമാണ് വനഭൂമി മുഴുവനായും വിട്ടുകിട്ടാൻ വൈകിയത്. എന്നാൽ 30-3-2003-ലെ സർക്കാർ ഉത്തരവ് (ആർ. റ്റി.) 3393/2003/ഫിൻ പ്രകാരം ഇടമലയാർ പദ്ധതിക്കുവേണ്ടി വനഭൂമി വിട്ടുകിട്ടുന്നതിന് ജലവിഭവ വകുപ്പ് വനംവകുപ്പിന് നൽകേണ്ട തുകയ്ക്ക് ലെറ്റർ ഓഫ് ക്രെഡിറ്റ് അനുവദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ വനം വകുപ്പിൽ നിന്ന് വനഭൂമി കൈമാറിക്കിട്ടുന്നതിനുള്ള താമസം മാത്രമാണ് ഇക്കാര്യത്തിൽ നിലവിലുള്ളത്.

(എഫ്) 2007-ഓടെ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി

46 [3187] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1962-ൽ അനുവദിച്ച കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി (കെ. വി. ഐ. പി.) കമ്മീഷൻ ചെയ്യാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യാനുള്ള കാലതാമസത്തിന്റെ കാരണം വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly